**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2305** **21-01-2021 - ൽ മറുപടിയ്ക്ക്**

**ഒരു കേരളീയന്റെ ആളോഹരി കടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | **Dr. T. M. Thomas Isaac**<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് ഒരു കേരളീയന്റെ ശരാശരി ആളോഹരി കടം എത്രയെന്നും ഇപ്പോൾ എത്രയെന്നും വ്യക്തമാക്കാമോ; | (എ) | 31.03.2016 ലെ കണക്കുകൾ പ്രകാരം ഒരു കേരളീയന്റെ ആളോഹരി കടബാധ്യത 46078.04 രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2020 നവംബർ 30 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 2,91,200.41 കോടി രൂപയാണ്. 2021-22 ലെ ബജറ്റ് ഡൊക്യുമെന്റിലെ ജനസംഖ്യ അടിസ്ഥാനമാക്കിയുള്ള നിലവിലെ ആളോഹരി കടബാധ്യത 83644.63 രൂപയാണ്. |
| (ബി) | കേരളത്തിന്റെ ആളോഹരി കടം വർദ്ധിക്കാൻ ഇടയായതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | രണ്ടു പ്രളയങ്ങൾ കോവിഡ് മഹാമാരി എന്നീ പ്രകൃതി ദുരന്തങ്ങൾ കാരണം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന് ഗണ്യമായ ഇടിവ് ഉണ്ടാകുകയും ഇത് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന റവന്യൂ വരുമാനത്തിലുണ്ടായ ഇടിവ് നികത്തുന്നതിനായി കേന്ദ്ര സർക്കാർ 2019-20, 2020-21 വർഷങ്ങളിൽ അധിക വായ്പ അനുവദിക്കുകയുണ്ടായിട്ടുണ്ട്. റവന്യൂ വരുമാനത്തിലുണ്ടായ കുറവ് കാരണം കേന്ദ്ര സർക്കാർ അനുവദിച്ച അധിക വായ്പയെ സംസ്ഥാനത്തിന് ആശ്രയിക്കേണ്ടി വന്നതിനാൽ കടത്തിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളതും തൻമൂലം ആളോഹരി കടത്തിലും വർദ്ധനവ് വന്നിട്ടുള്ളതാണ്. |
| (സി) | അനിയന്ത്രിതമായ സർക്കാർ ചെലവുകൾ കാരണം പൊതുകടവും ആളോഹരി കടവും വർദ്ധിച്ചു എന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വസ്തുതകൾ വ്യക്തമാക്കാമോ? | (സി) | 2016-17 ൽ GSDP യുടെ 29.37 ശതമാനമായിരുന്ന കടബാധ്യത 2019-20 ൽ 30.46 ശതമാനമായി നിറുത്തുവാൻ സാധിച്ചിട്ടുണ്ട്. കടമെടുത്തതുക പൂർണ്ണമായും ആസ്തി വികസനപ്രവർത്തനങ്ങൾക്കുള്ള നിക്ഷേപ മാക്കുകയാണ് വേണ്ടത്. റവന്യൂകമ്മി ഇല്ലാതായാലെ ഇത് സാദ്ധ്യമാകൂ. റവന്യൂകമ്മി എല്ലാ പ്രയാസങ്ങളുടെയും ഇടയിലും കുറച്ചുകൊണ്ടു വരാനാണ് പരിശ്രമിക്കുന്നത്. മാത്രമല്ല Outstanding Debtന്റെ വളർച്ചാനിരക്ക് കുറഞ്ഞു വരികയാണ്. |

| | | | |
|---|---|---|---|
| | | | തനത് വരുമാനം കുറവായിട്ടുള്ള കേരളം പോലുള്ള സംസ്ഥാനത്തിന് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള കടമെടുപ്പ് ഒരു പരിധി വരെ അത്യന്താപേക്ഷിതമാണ്. അനുവദനീയമായ പരിധിയ്ക്കുള്ളിൽ നിന്നുള്ള കടമെടുപ്പിലൂടെ ആസ്തികൾ സൃഷ്ടിക്കുന്നത് സ്ഥായിയായ വികസനത്തിനും സമ്പദ്ഘടന യുടെ വളർച്ചയ്ക്കും അനുപേക്ഷണീയമാണ്. സർക്കാരിന്റെ കടം താങ്ങാവുന്ന പരിധിയിലാണോ എന്നതും സുസ്ഥിരമാണോ എന്നും പരിശോധിക്കുന്നതിന് നിയതമായ സാമ്പത്തിക ശാസ്ത്ര മാനദണ്ഡങ്ങളുണ്ട്. പ്രസ്തുത രീതിയനുസരിച്ച് ഈ സർക്കാരിന്റെ കാലത്തെ Debt Sustainability Analysis C&AG, SFAR, 2019 ൽ നടത്തിയിട്ടുണ്ട്. ഇതു പ്രകാരം സംസ്ഥാന സർക്കാരിന്റെ കടഭാരം താങ്ങാവുന്ന പരിധിയിലും സംസ്ഥിരവുമാണ് എന്ന് മനസ്സിലാക്കാം. നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്ന സമീപനത്തിന് ഊന്നൽ നൽകിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാതുക നിക്ഷേപത്തിനായി വിനിയോഗിക്കുകയും ചെയ്യുക എന്ന സമീപനമാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ